## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 441

29.06.2015-ലെ മറുപടിയ്ക്ക്

### നീതി, നന്മ, ത്രിവേണി സ്റ്റോറുകളുടെ നടത്തിപ്പിലെ ക്രമക്കേട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ബാബു എം. പാലിശ്ശേരി | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | കൺസ്യൂമർഫെഡിന്റെ നീതി, നന്മ, ത്രിവേണി സ്റ്റോറുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വ്യാപകമായ ക്രമക്കേട് നടക്കുന്നുവെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; | (ബി) | വ്യാപകമായി ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ട യൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച് കൺസ്യൂമർ ഫെഡറേഷനിലെ സീനിയർ ആയ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ രണ്ട് അന്വേഷണ സംഘങ്ങൾ രൂപീകരിച്ച് പരിശോധന നടത്തിയിട്ടുണ്ട്. |
| (സി) | അതു പ്രകാരം എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്; | (സി) | സാമ്പത്തിക തിരിമറികൾ, അനധികൃതമായ അഡ്വാൻസുകൾ, അനുവാദം കൂടാതെ നടത്തിയ ദുർചെലവുകൾ, സ്റ്റോക്കിലെ തിരിമറി എന്നിവയാണ് പ്രധാനമായും കണ്ടെത്തിയ ക്രമക്കേടുകൾ. |

| | | | |
|---|---|---|---|
| (ഡി) | ആരെയൊക്കെയാണ് കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളത്; | (ഡി) | മുൻ ചീഫ് മാനേജർ ശ്രീ.ആർ.ജയകുമാർ, എറണാകുളം റീജിയണൽ ഓഫീസിലെ ഡെപ്യൂട്ടി റീജിയണൽ മാനേജർ ശ്രീ.എം.എസ്.സമഗ്രൻ, പത്തനംതിട്ട ബിസിനസ് മാനേജർ ശ്രീ.എം.ഷാജി, തിരുവനന്തപുരം റീജിയണൽ മാനേജർ ഇൻ ചാർജ്ജ് ശ്രീ.സ്വീഷ് സുകുമാരൻ, തിരുവനന്തപുരം സീനിയർ മാനേജർ ശ്രീമതി.ബി.എസ്.സെലീന, പി.ആർ.ഒ, തിരുവനന്തപുരം ശ്രീ.അബിനീഷ്.പി.വി, സെയിൽസ് ഹെൽപ്പർ, തിരുവനന്തപുരം ശ്രീ.ഡി.അഭിലാഷ്, പാലക്കാട് നീതി ഗോഡൗണിലെ ശ്രീമതി.പി.വത്സല, തൃശ്ശൂർ സോണൽ ഓഫീസിലെ ശ്രീ.കെ.ജെ.ഷാജു, കൊല്ലം പുത്തൂർ ത്രിവേണിയിലെ ജീവനക്കാരനായ ശ്രീ.റ്റി.ഷമീർഖാൻ, പത്തനംതിട്ട ത്രിവേണി ഗോഡൗണിലെ ശ്രീ.സുനിൽ ചാക്കോ, ശ്രീമതി.ശ്രീദേവി എന്നിവർ ദിവസ വേതന ജീവനക്കാരനായ ശ്രീ.വൈശാഖ്.എ, ആറ്റിങ്ങൽ വിദേശ മദ്യഷോപ്പുകളിലെ ശ്രീ.സനൽദത്ത്, അബ്കാരി ജീവനക്കാരനായ ശ്രീ.കമലാസനൻ, പത്തനംതിട്ട വിദേശ മദ്യഷോപ്പിലെ ശ്രീ.അജി.എ.കെ, ജില്ലാ മാനേജർ ശ്രീ.പി.എസ്.സന്തോഷ്, |

| | | | |
|---|---|---|---|
| | | | പത്തനംതിട്ട റീജിയണൽ ഓഫീസിലെ ശ്രീ.കെ.റോയിക്കുട്ടി, ദിവസവേതന ജീവനക്കാരനായ ശ്രീ.ശിവകുമാർ എന്നിവരാണ് കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളത്. |
| (ഇ) | ഇവർക്കെതിരെ എന്തുശിക്ഷാനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ? | (ഇ) | ഇവരിൽ ആർ.ജയകുമാർ, ശ്രീ.എം.ഷാജി, ശ്രീ.സ്വീഷ് സുകുമാരൻ, ശ്രീമതി.സി.എസ്.സെലീന, ശ്രീ.അബിനീഷ്.പി.വി, ശ്രീ.അഭിലാഷ്, ശ്രീ.ഷാജു, ശ്രീ.റോയിക്കുട്ടി, ശ്രീ.സുനിൽ ചാക്കോ, ശ്രീമതി.ശ്രീദേവി, ശ്രീമതി.പി.വത്സല, ശ്രീ.സനൽ ദത്ത്, ശ്രീ.കമലാസനൻ, ശ്രീ.അജി.എ.കെ, ശ്രീ.പി.എസ്.സത്രുഷ്, ശ്രീ.ഷമീർഖാൻ എന്നിവരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും, ശ്രീ.എം.എസ്.സമഗ്രനെ സ്ഥലം മാറ്റി നിയമിക്കുകയും ദിവസ വേതന ജീവനക്കാരായ ശ്രീ.ശിവകുമാർ, ശ്രീ.വൈശാഖ്.എ എന്നിവരെ ജോലിയിൽ നിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ